പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2988 | 28/01/2014 ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിനു മുന്നോടിയായി റവന്യൂ ഓഫീസുകളിൽ നടപ്പിലാക്കേണ്ടിയിരുന്ന അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കിയിട്ടുണ്ടോ; ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എന്ത് തുക ചെലവഴിച്ചു; ഇ-ഡിസ്ട്രിക്ട് പദ്ധതിയും ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണവും നടപ്പിലാക്കുന്നതിന് മുമ്പ് റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തിരുന്നുവോ ; | (എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ - ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പിലെ ഐ.റ്റി. സെല്ലുകൾ വഴി ഇ- ജില്ലാ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും, തഹസിൽദാർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ, ആവശ്യമായ നെറ്റ് കണക്ഷൻ ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ എന്നിവ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, എസ്.വി.ഒ. മാർക്കും, തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിക്കുവേണ്ടി കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനാണ് തുക ചെലവഴിച്ചിട്ടുള്ളത്. നാളിതുവരെ 10,28,65,760/- രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.<br><br>ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ഔപചാരിക ചർച്ചകൾ നടത്തിയിട്ടില്ല. |

| | |
|---|---|
| (ബി) അഞ്ച് രൂപ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസുകളിൽ നിന്നും ഉടനടി ലഭിച്ചിരുന്ന പല സർട്ടിഫിക്കറ്റുകളും നൂറുകണക്കിന് രൂപ മുടക്കിയാൽ മാത്രമേ അക്ഷയകേന്ദ്രങ്ങളിലൂടെ ലഭിക്കുന്നുള്ളു എന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ ; | (ബി) NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയസെന്ററുകളെയാണ് കോമൺ സർവീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും, സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും, അനുബന്ധ സാങ്കേതികവിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>17.10.2013 ലെ സ.ഉ.(കൈ.)31/2013/ഐ.റ്റി.ഡി. പ്രകാരം അക്ഷയ കേന്ദ്രം മുഖേന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിലവിൽ 17 രൂപ സർവീസ് ചാർജ്ജ് ആയും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിലും ഈടാക്കുന്നതാണ്. എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാരോടും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ള താണ്. വില്ലേജ് ഓഫീസുകളിലെ തിരക്കുമൂലവും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ ദൗർലഭ്യം മൂലവുമാണ് ഇപ്പോൾ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ വില്ലേജ് ഓഫീസിൽ നിന്നും നേരിട്ടുതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ട്.<br>ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമാകുന്നതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭിക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വരും. |

സെക്ഷൻ ഓഫീസർ